(സി) ഇതിനുവിരുദ്ധമായി ക്ലാസ് രണ്ട്, മൂന്നു നാല് ജീവനക്കാരുടെ ഏതെങ്കിലും സംഘടന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട് എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സംഘടനയുടെ അംഗീകാരം റദ്ദാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം 77(എ) നോട്ട് ഒന്ന് പ്രകാരം ക്ലാസ് 1 ഉം ക്ലാസ് 2 ഉം വിഭാഗം ജീവനക്കാർ ക്ലാസ് 3 വിഭാഗം അംഗങ്ങളായുള്ള സർവ്വീസ് സംഘടനയിൽ അംഗങ്ങളാകാൻ പാടില്ല എന്നും ക്ലാസ് ഒന്നും രണ്ടും വിഭാഗം ആഫീസർമാർ അംഗങ്ങളായ സർവീസ് സംഘടനയിൽ ക്ലാസ് മൂന്നും വിഭാഗം ജീവനക്കാർ അംഗങ്ങളാകുവാൻ പാടില്ലായെന്ന വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 20.1.1994 തീയതിയിലെ സം.ഉ.(എം. എസ്) നം.4/94/പി :ആന്റ് എ.ആർ.ഡി.പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കേരള ലോക്കൽഫണ്ട് ഓഡിറ്റ് അസോസിയേഷനിൽ അംഗത്വം നൽകിക്കൊണ്ട് ഭേദഗതി വരുത്തിയതിനെ അംഗീകരിച്ചിട്ടുണ്ട്.

വികലാംഗനെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

37 (775) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്വാതന്ത്ര്യ സുവർണ്ണജൂബിലി വർഷത്തിൽ നിയമനം കിട്ടിയ വികലാംഗരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ഹൈക്കോടതി സ്റ്റേ ഒഴിവാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

ഹൈക്കോടതി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് ആവശ്യമായ വിവരങ്ങളും നിർദ്ദേശവും നൽകിയിട്ടുണ്ട്.

പ്രസിദ്ധീകരിക്കാനുള്ള റാങ്ക് ലിസ്റ്റുകൾ

38(776)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമത്തിന് പി.എസ്.സി എഴുത്തു പരീക്ഷയും അഭിമുഖവും നടത്തിക്കഴിഞ്ഞിട്ടുള്ളത് ഏതൊക്കെ വകുപ്പുകളിലെ/പൊതുമേഖലയിലെ തസ്തികകളിലേക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള നിയമം അനുസരിച്ച് തയ്യാറാക്കി എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തിലെ കാലവിളംബം മൂലം പല പ്രധാനപ്പെട്ട തസ്തികകളും ഒഴിഞ്ഞു കിടക്കുന്നതിനാൽ സർക്കാരിന്റെ കാര്യ ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള നിയമമനുസരിച്ച് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരി ക്കാനും തസ്തികകൾ നികത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് സ്മാരകങ്ങൾ

39(777)ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് വളപ്പിൽ സ്വാതന്ത്ര്യത്തിന്റെ അൻപതാം വാർഷി കത്തോടനുബന്ധിച്ച് സ്മാരകങ്ങൾ എന്തെങ്കിലും നിർമ്മിക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ചുമതല സെക്രട്ടേറിയറ്റിൽ ഏത് വിഭാഗത്തിനാ ണെന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്;

(ഇ) ഈ കാര്യത്തിൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായോ;

(എഫ്) ഡിസൈൻ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടോ;

(ജി) അത് തയ്യാറാക്കിയത് ഏത് ഏജൻസിയാണ്;

(എച്ച്) സ്മാരക നിർമ്മിതിക്കാര്യത്തിൽ എന്തെങ്കിലും പരാതിയോ തടസ്സവാദങ്ങളോ ഉണ്ടാക്കിട്ടുണ്ടോ;

(ഐ) ഇക്കാര്യത്തിൽ ആരെല്ലാമായി ചർച്ച ചെയ്തിട്ടുണ്ട്; പ്രതിപക്ഷ വുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ജെ) ഇതിനുള്ള ഫണ്ട് ഏത് തരത്തിൽ കണ്ടെത്താമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെങ്കല്ല്, സിറാമിക്, ഗ്ലാസ്, ഓട് എന്നീ മാദ്ധ്യമങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന 100 അടി നീളവും 50 അടി വീതിയും 6 അടി ഉയരവുമുള്ള ഒരു ശില്പം.

(സി) പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനാണ് ചുമതല.

(ഡി) ശ്രീ. കെ.പി. സോമനെന്ന ശില്പിയ്ക്കാണ് നിർമ്മാണ ചുമതല

(ഇ) ഇല്ല

(എഫ്) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly